# കൂടെവസിക്കാൻ ഒരു നോമ്പുകാലംകൂടി

വി. പൗലോസ് ശ്ലീഹാ പറയുന്നു “ഇതു സ്വീകാര്യമായ സമയവും രക്ഷയുടെ ദിവസവുമാണ് ” (1 കോറി 6,2). നോമ്പുകാലം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും മാനസാന്തരത്തിന്റെയും കാലമാണ്. യേശുവിന്റെ രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുവാനും അതിലൂടെ രക്ഷയിലേക്ക് പ്രവേശിക്കാനും നോമ്പുകാലം നമ്മെ സഹായിക്കുന്നു.സഭയൊരുക്കുന്ന ഈ അവസരം ആത്മാർത്ഥമായി വിനിയോഗിക്കുന്ന വർക്ക് മാത്രമെ ക്രിസ്തുവിനെ തിരിച്ചറിയാനും അവന്റെ പെസഹാ രഹസ്യങ്ങളുടെ അർത്ഥം മനസിലാക്കാനും സാധിക്കു. അതിനാലാണ് നോമ്പുകാലത്തെ എല്ലാ മതങ്ങളും എപ്പോഴും പ്രധാനപ്പെട്ടതായി കാണുന്നത്.

ഉപവാസം എന്നാൽ ഉപ-വസിക്കൽ അധവാ കൂടെ വസിക്കലാണ്. ദൈവത്തോട് കൂടെ വസിക്കുവാനുള്ള അവസരമാണ് നോമ്പുകാലം. അതുകൊണ് വി.ലൂക്കായൂടെ സുവിശേഷം 3, 13 പറയുന്നത്, “പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ അടുത്തേക്കു ചെന്നു. തന്നോടു കൂടെയായിരിക്കുവാൻ”. ക്രിസ്തുവിനോടു കൂടെ വസിക്കുന്നവനാണ് യഥാർത്ഥത്തിൽ വലിയവൻ. ക്രിസ്തുകൂടെയുള്ളവനും, ക്രിസ്തുവിന്റ കൂടെ വസിക്കുന്നവനും ജീവിതത്തിൽ പരാജയപ്പെടുന്നില്ല. കാരണം നമ്മെക്കാൾ ശക്തനാണ് കൂടെ വസിക്കുന്നത്. പക്ഷെ പലപ്പോഴും കൂടെ വസിക്കേവനെ വിസ്മരിച്ച് ജീവിത വ്യഗ്രതകളിൽ നാം മുഴുകാറു്. ശക്തിയും ബലവും തരേവൻ കൂടെയില്ലെങ്കിൽ നാം അനുദിനം ക്ഷയിക്കുകതന്നെ ചെയ്യും. അതുകൊ് നോമ്പുകാലത്തിൽ പ്രാർത്ഥനും ഉപവാസവും വഴി മിശിഹാരഹസ്യങ്ങളെ ധ്യാനിക്കാനും ക്രിസ്തുവിനോടുകൂടെ വസിക്കാനും നമ്മുക്ക് പരിശ്രമിക്കാം.

കൂടെവസിക്കാൻ സാധിക്കണമെങ്കിൽ പ്രാർത്ഥനയും, ഉപവാസവും, മാനസാന്തരവും നോമ്പുകാലത്തിൽ അത്യന്താപേക്ഷിതമാണ്. പ്രാർത്ഥനയിലാണ് നാം ദൈവത്തെ കുമുട്ടേത്. പ്രാർത്ഥനയിൽ ദൈവവും ഞാനെന്ന വ്യക്തിയും ഒന്നാകുന്നു. അവിടുത്തെ സന്നിധിയിൽ ആയിരിക്കുന്ന ഓരോ നിമിഷവും വലിയ ദൈവാനുഭവത്തിന്റെ നിമിഷങ്ങളാകുമ്പോളാണ് നമ്മുടെ പ്രാർത്ഥന യത്ഥാർഥമാകുന്നതും അനുഭവവേദ്യമാകുന്നതും. നല്ലതുപോടെ പ്രാർത്ഥിക്കുമ്പോൾ ദൈവം കൂടെ വസിക്കുന്ന അനുഭവമുാകുന്നു. കൂടുതൽ തീഷ്ണതയോടെയും ആത്മാർത്ഥതയോടെയും പ്രാർത്ഥിക്കാൻ സാധിക്കുന്ന കാലമാണ് നോമ്പുകാലം. കാരണം രക്തം വിയർത്തു പ്രാർത്ഥിച്ചവന്റെ സഹനമരണോത്ഥാനങ്ങളാണ് നാം നോമ്പുകാലത്തിൽ ധ്യാനവിഷയമാക്കുന്നത്. സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയിൽ മനസ്സു ദുർബലമാക്കാതിരിക്കുവാൻ വചനം ഓർമ്മിപ്പിക്കുന്നു (ലൂക്കാ 21, 34)

നമ്മുടെ പ്രാർത്ഥനകൾ ദൈവാനുഭവം നിറഞ്ഞതാകണമെങ്കിൽ തീർച്ചയായും നമ്മുടെ ശരീരവും മനസ്സും അതിന് സന്നദ്ധമായിരിക്കണം. അതുകൊ് നോമ്പും, മാനസാന്തരവും ഇവിടെ അനിവാര്യമാകുന്നു. ശരീരത്തിന്റെ പ്രവണതകളെ നിയന്ത്രിക്കാനും, ശാരീരിക സുസ്തിഥി കൈവരിക്കാനും നോമ്പും ഉപവാസവും നമ്മെ സഹായിക്കുന്നു. അതുകൊും കൂടിയാണ് നോമ്പുകാലത്തിൽ മാംസംവർജനവും ഉപവാസവും നിർബന്ധമാണെന്ന് സഭ നിർദേശിക്കുന്നത്. ഇപ്രകാരം നോമ്പും ഉപവാസവും പ്രാർത്ഥനയുമായി ജീവിതത്തെ ക്രമീകരിക്കുന്ന വ്യക്തിയിലാണ് അടിസ്ഥാനപരമായ മാനസാന്തരം ഉാകുന്നത്.

മാനസാന്തരമെന്നാൽ നമ്മിലെ പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റി ക്രിസ്തുവിനെ ധരിക്കുന്നതാണ്. (എഫേ, 4, 22-24). ഇപ്രകാരം ക്രിസ്തുവിനെ ധരിക്കുന്ന വ്യക്തി ക്രിസ്തുവിൽ ചരിക്കുന്നവനാകുന്നു. അതുതന്നെയാണ് ക്രിസ്തുവിനോടു കൂടെ വസിക്കുക എന്നതുകൊ് അർത്ഥമാക്കുന്നതും. അതുകൊ് ഈ നോമ്പുകാലം ക്രിസ്തുവിനോടുകൂടെ വസിക്കുന്ന അനുഭവങ്ങൾ നമ്മുക്ക് സമ്മാനിക്കട്ടെ എന്ന് നമ്മുക്ക് പ്രാർത്ഥിക്കാം. നോമ്പും, ഉപവാസവും, പ്രാർത്ഥനയും, ദാനധർമ്മങ്ങളും, പരിത്യാഗ പ്രവർത്തികളും വഴിയായി ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള മാനസാന്തരത്തിലേക്കും ജീവിതനവീകരണത്തിലേക്കും കടന്നുവരുവാൻ നോമ്പുകാലത്തിൽ പ്രത്യേകം ഒരുങ്ങാം.

**ഫാ. ജോസഫ് കോയിക്കൽ**